(ബി) ഈ വിവരം കാണിക്കുന്ന ഒരു പട്ടിക ഇതിനോടനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 1·90 ലക്ഷം രൂപ.

കണ്ണൂർ ജില്ലയിലെ പേരാവൂർ റോഡ്

59 [971] ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ-ശിവപുരം-തോലംപ്ര-പേരാവൂർ റോഡിന്റെ പണി ഇപ്പോൾ ഏതു സ്റ്റേറ്റേജിലാണ്;

(ബി) ഈ റോഡിന്റെ ആദ്യഭാഗമായ മട്ടന്നൂർ ശിവപുരം റോഡിന്റെ പണി നീണ്ടുപോകുവാൻ കാരണമെന്തായിരുന്നു;

(സി) പ്രസ്തുത റോഡ് പഞ്ചായത്തിന്റേതായിരുന്നില്ലേ;

(ഡി) പഞ്ചായത്ത് അതു ഗവൺമെന്റിനെ ഏല്പിച്ചിരുന്നില്ലേ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

II. ADJOURNMENT MOTIONS

(i) ALLEGED ATTACK ON HARIJANS OF NEDUPUZHA BY A FEW PERSONS OF THE MARXIST PARTY

[9 a.m.]

ഡെപ്യൂട്ടി സ്പീക്കർ: നെടുപുഴയിലുണ്ടായ സംഭവത്തെക്കുറിച്ച് അഡ്ജേൺമെന്റ് മോഷൻ തന്നിരുന്നതിന് മറുപടി പറയാൻ ബഹുമാനപ്പെട്ട മന്ത്രിയെ ക്ഷണിക്കുകയാണ്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, നെടുപുഴയിൽ കഴിഞ്ഞ മൂന്നാം തീയതി ഇനാശു എന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രവർത്തകനെ കാൺഗ്രസ് അനുകൂലികളായ ചില ആളുകൾ മർദ്ദിച്ചതിൽ പ്രതിഷേധിക്കുന്നതിനുവേണ്ടി നെടുപുഴയിൽ അന്നു വൈകുന്നേരം കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം ചേരുകയും, ഈ പൊതുയോഗം കഴിഞ്ഞ് ആളുകൾ തിരിച്ചുപോകുന്ന അവസരത്തിൽ കാൺഗ്രസ് അനുകൂലികളായിട്ടുള്ള ഒരു സംഘം ആളുകൾ തിരിച്ചുപോകുന്ന ആളുകളെ ആക്രമിയ്ക്കുകയും അതിന്റെ ഫലമായി ഒരു ഭാഗത്തുനിന്ന് ഒൻപതുപേർക്കും മറുഭാഗത്തുനിന്ന് മൂന്നു പേർക്കും ഇങ്ങനെ ആകെ പന്ത്രണ്ടു പേർക്ക് പരിക്കേൽക്കുകയും അവരെ ചേർപ്പിലും തൃശ്ശൂർ ഡിസ്ട്രിക്ട് ആശുപത്രിയിലും പ്രവേശിപ്പിക്കുകയുമുണ്ടായി. ഇതിനെത്തുടർന്ന് ശ്രീമാൻ കെ. കെ. ബാലകൃഷ്ണന്റെ വീട്ടിന്നു നേരെ ചില ആളുകൾ കല്ലെറിഞ്ഞ സംഭവം ഉണ്ടായിട്ടുണ്ട്. കല്ലെറിഞ്ഞ സംഭവത്തെത്തുടർന്ന് കാൺഗ്രസ് അനുകൂലികളായ കുറെ ആളുകൾ പായി എന്ന പാവപ്പെട്ട ഒരു ഹരിജന്റെ വീടു കയറി ആക്രമിക്കയും പായിയേയും മകനേയും ഭീകരമായി മർദ്ദിക്കുകയും മാരകമായ മുറിവുകൾ ഏൽപിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് അവിടത്തെ ക്രമസമാധാനനില കൂടുതൽ രൂക്ഷതരമായി. അതുകൊണ്ട് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥൻമാർ നെടുപുഴ പോവുകയും, സംഭവങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നിയന്ത്രണ ഏർപ്പാടുകൾ ചെയ്യുകയുംചെയ്തു. ഇതാണുണ്ടായത്. ഇതിനെത്തുടർന്ന് 5 കേസുകൾ പോലീസ് രജിസ്റ്റർ ചെയ്യുകയും ഈ കേസുകളെക്കുറിച്ചുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ അവിടത്തെ സ്ഥിതി നിയന്ത്രണാധീനമാണ്. യാതൊരു കുഴപ്പവുമില്ല. പോലീസിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ന്യൂനതയുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും ആ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ മറുപടി സത്യസന്ധമായി ഉള്ളതല്ല. ഇതു പറയാൻ കാരണം ചോദ്യോത്തരസമയത്താണെങ്കിൽ ഞങ്ങൾക്ക് റെയ്സു ചെയ്യാനുള്ള സന്ദർഭം ഉണ്ടായിരുന്നു. ഇപ്പോൾതന്നെ വലിയ ഒരു കയറിന്റെ തുമ്പത്ത് ഒരു പശു എന്നു പറഞ്ഞതുപോലെയാണ്. ജാഥ നടത്തി അതിലുള്ള ആളുകളെ അടിച്ചപ്പോഴാണ് ബാലകൃഷ്ണന്റെ വീടാക്രമിച്ചത് എന്നൊക്കെ പറഞ്ഞ് സംഭവം മനഃപൂർവ്വം മൂടിവയ്ക്കാൻ മന്ത്രി ഒരു ശ്രമം നടത്തി. ഇപ്പോൾ ആ ഭാഗത്തുള്ള ഹരിജൻ സ്ത്രീകൾക്ക് കിടന്നു പൊറുക്കാൻ നിവൃത്തിയില്ലാതെ വന്നിരിക്കുകയാണ്. മാർക്സിസ്റ്റുകാരും പോലീസുകാരും നിരന്തരമായി ഹരിജൻ സ്ത്രീകളെ രാത്രി കിടന്നുറങ്ങാൻ സമ്മതിക്കുന്നില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് തീർച്ചയായും ചർച്ച അനുവദിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ ഇന്നവിടെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാകുന്ന സ്ഥിതിവിശേഷമില്ലെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് അടിയന്തിര പ്രമേയത്തിന് അനുമതി നൽകുന്നില്ല.

(ii) UNEMPLOYMENT AMONG THE COIR WORKERS IN CHIRAYINKIL TALUK

ഡെപ്യൂട്ടി സ്പീക്കർ: ചിറയിൻകീഴ് കയർത്തൊഴിലാളികളുടെ കാര്യത്തെപ്പറ്റി മറുപടി പറയാൻ ബഹുമാനപ്പെട്ട ലേബർ മന്ത്രിയെ ക്ഷണിക്കുകയാണ്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): സർ, കുറെ നാളുകളായി ചിറയിൻകീഴ് കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ ഉടമകൾ തൊഴിലാളി യൂണിയനുകളുമായി ഉണ്ടാക്കിയിട്ടുള്ള കരാർ ശരിക്കു പാലിക്കാതിരിക്കുകയും അതുകാരണം തൊഴിൽ സ്തംഭനത്തിനു ഇടയാകുകയും ചെയ്തുവരുന്നുണ്ട്. ഈ കാര്യത്തെക്കുറിച്ച് അടിക്കടി ലേബർ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥൻമാർ ഇടപെട്ട് ഒത്തുതീർപ്പിനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ചിലടത്ത് അതൊന്നും ഫലത്തിലാകുന്നില്ല. ഈ പരിശ്രമങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. തൊഴിലുടമകളാകട്ടെ വമ്പിച്ച വ്യവസായങ്ങൾ നടത്തുന്നവരല്ല. ചെറിയ ചെറിയ വ്യവസായങ്ങൾ നടത്തുന്നവരായതുകൊണ്ട് എല്ലാവരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അൽപകാലതാമസം വരുമെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നു കിട്ടിയിരിക്കുന്ന അറിവ്. കൂടുതൽ ഊർജ്ജിതമായ പ്രവർത്തനത്തിനും ഈ കാര്യത്തിനുവേണ്ട സമാധാനം ഉടനെ കണ്ടെത്തുന്നതിനും തക്ക നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതേപ്പറ്റി മേൽനടപടികൾ വേഗം എടുക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly